# ശഹീദ് ഹസനുൽ ബന്നായും ഇസ്‌ലാമിക നവോത്ഥാനവും

**കവർസ്റ്റോറി ◆ പ്രഫ. ഖുർശിദ് അഹ്മദ്**

**ശഹീദ്** ഹസനുൽ ബന്നായെ ജീവിത കാലത്ത് നേരിട്ട് കാണാനുള്ള ഭാഗ്യമെനിക്കുണ്ടായില്ല. ആ നഷ്ടബോധം ഇന്നും അലട്ടിക്കൊണ്ടിരിക്കുന്നു. അസാധാരണമായ വ്യക്തിപ്രഭാവത്തിനുടമയായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ പ്രീതി നേടാനും അവന്റെ മാർഗദർശനത്തിന്റെ വെളിച്ചത്തിൽ ലോകത്തെ മാറ്റിപ്പണിയാനും അദ്ദേഹം പലപ്പോഴും അസ്വസ്ഥപ്പെട്ടു. കുട്ടിക്കാലം മുതൽ രക്തസാക്ഷ്യത്തിന്റെ നിമിഷങ്ങളിൽ വരെ അദ്ദേഹത്തിൽ ഈ സവിശേഷത കാണാം. ധാരാളം ചിന്തകരെ കുറിച്ച് വായിച്ചു മനസ്സിലാക്കാനും അവരിൽനിന്ന് പ്രയോജനം നേടാനും ചിലരെ നേരിട്ട് കാണാനും എനിക്ക് സൗഭാഗ്യമുണ്ടായിട്ടുണ്ട്. പക്ഷേ, ഹസനുൽ ബന്നായുടെ ജീവിതത്തിലും പെരുമാറ്റത്തിലും ഭാഷണത്തിലുമുള്ള വ്യക്തിപ്രഭാവം മറ്റെവിടെയുമില്ല. അതുകൊണ്ടുതന്നെ ആ വ്യക്തിത്വത്തെ നേരിൽ കാണാൻ കഴിയാത്തതിലുള്ള ദുഃഖം വിട്ടുമാറുകയില്ല. അല്ലാഹുവിന്റെ ആളുകളായ ഇത്തരം വിശുദ്ധരായ മഹാന്മാരെ കാണുന്നതും അവരുടെ സഭയിൽ ഇരിക്കുന്നതും ആത്മീയമായ വിദ്യാഭ്യാസത്തിന്റെയും തർബിയത്തിന്റെയും ഗണത്തിലാണ് വരിക. ശഹീദ് ഹസനുൽ ബന്നായുമായി സഹവസിക്കാനും അദ്ദേഹത്തെ മുഖാമുഖം കണ്ട് പ്രയോജനം കൈവരിക്കാനുമുള്ള സാധ്യത അടഞ്ഞുപോയെങ്കിലും ജീവിതത്തിലുട നീളം അദ്ദേഹവുമായി ഒരു പ്രത്യേക ബന്ധം നിലനിർത്താൻ കഴിയുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. അതിനെ ആത്മിയ കൂടിക്കാഴ്ച എന്നു വിളിക്കുകയാണെങ്കിൽ തെറ്റാവുകയില്ല. അദ്ദേഹത്തിന്റെ സാമീപ്യത്തിന്റെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഇരിക്കുന്നതിന്റെയും അനുഭൂതി ലഭിക്കുന്ന ആത്മീയമായ ഒരു അനുഭവം. അല്ലാഹുവിന്റെ ഔദാര്യവും അദ്ദേഹത്തിന്റെ മാസ്മരികമായ വ്യക്തിപ്രഭാവവുമാണത്.

### ആദ്യ പരിചയം

ശഹീദ് ഹസനുൽ ബന്നായുടെ ജീവിതത്തെയും സേവനങ്ങളെയും കുറിച്ച് അടുത്തറിഞ്ഞത് മർഹൂം സഈദ് റമദാനിലൂടെയായിരുന്നു. ശൈഖ് ബന്നായുടെ വലംകൈ ആയിരുന്നു അദ്ദേഹം. ഹസനുൽ ബന്നാ പുറത്തിറക്കിക്കൊണ്ടിരുന്ന *അശ്ശിഹാബ്* മാഗസിനിൽ അദ്ദേഹം സുപ്രധാന ചുമതല വഹിച്ചിരുന്നു. എനിക്കും ഖുർറം മുറാദിനും സഫർ ഇസ്ഹാഖ് അൻസാരിക്കും സഈദ് റമദാനൊത്തു കഴിയാനുള്ള അവസരം ലഭിച്ചു. ശഹീദ് ഹസനുൽ ബന്നായുടെ ഉറ്റ സുഹൃത്തും ചെറുപ്പക്കാരനായ ശിഷ്യനും പിന്നീട് ജാമാതാവുമായിത്തീർന്ന അദ്ദേഹത്തിലൂടെ ഹസനുൽ ബന്നായുടെ വ്യക്തിത്വവും ചിന്തകളും ഇഖ്‌വാന്റെ പ്രബോധനവും തർബിയത്തീ സംവിധാനവും സാമൂഹിക പ്രവർത്തന ശൈലിയുമെല്ലാം ഞങ്ങൾ മനസ്സിലാക്കി. ഇമാം ബന്നായുടെ മകൻ സൈഫുൽ ഇസ്‌ലാമിലൂടെയും ബന്നായുടെ മകളുടെയും സഈദ് റമദാന്റെയും പുത്രൻ ഡോ. ത്വാരിഖ് റമദാനിലൂടെയും അദ്ദേഹത്തിന്റെ അവസ്ഥകൾ മനസ്സിലാക്കാൻ കഴിഞ്ഞു.

1948 ഡിസംബറിൽ സഈദ് റമദാൻ പാകിസ്താനിൽ വന്നു. 1949 ഫെബ്രുവരിയിൽ ഇമാം ബന്നാ രക്തസാക്ഷിയായതിനെ തുടർന്ന് കുറച്ചുകാലം കൂടി അദ്ദേഹം പാകിസ്താനിൽ തങ്ങി. കറാച്ചിയിൽ അദ്ദേഹം താമസിച്ചിരുന്ന ഫ്ളാറ്റ് ഞങ്ങളുടെ സംഗമ കേന്ദ്രമായി.

### ചിന്തയുടെയും ഹൃദയത്തിന്റെയും മാർഗം

ഇഖ്‌വാനെയും ഹസനുൽ ബന്നായെയും ഞാൻ പരിചയപ്പെട്ടത് പുസ്തകമാർഗേണയല്ല. മൗലാനാ മൗദൂദി എന്റെ പിതാവ് മർഹൂം നദീർ അഹ്മദ് ഖുറൈശിയുടെ ഉറ്റ സുഹൃത്തായിരുന്നു. അതിനാൽ മൗലാനയെ 1938-ൽ തന്നെ നേരിട്ടുകാണാനുള്ള ഭാഗ്യമുണ്ടായി. ഗ്രന്ഥങ്ങളിലൂടെയും അദ്ദേഹം സുപരിചിതനായിരുന്നു. എന്നാൽ ഹസനുൽ ബന്നാ വളർത്തിയെടുത്ത ശിഷ്യന്മാരിലൂടെയാണ് അദ്ദേഹത്തെയും ഇഖ്‌വാനെയും ഞാൻ പരിചയപ്പെടുന്നത്. മൗലാനാ മൗദൂദി ചിന്തയിലൂടെയും മസ്തിഷ്കത്തിലൂടെയും, ഹസനുൽ ബന്നാ ഹൃദയത്തിലൂടെയും ആത്മാവിലൂടെയും മനുഷ്യരുടെ ജീവിതത്തെ സ്വാധീനിക്കുകയും അവരുടെ മനസ്സുകളെ രൂപപ്പെടുത്തുകയും ചെയ്തു. എന്റെ ജീവിതത്തിൽ തന്നെ ഈ രണ്ട് ധാരയുടെയും സ്വാധീനമുണ്ട്. ചിന്തയിലും മനസ്സിലും ഇന്നും അത് തുടരുന്നു.

രചനയിലും പ്രഭാഷണത്തിലും അഗ്രഗണ്യനും മികച്ച സംഘാടകനും ഉന്നതമായ ആസൂത്രണ പാടവമുള്ള പ്രസ്ഥാന നായകനുമായിരുന്നു മൗലാനാ മൗദൂദി. എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും മികച്ചുനിൽക്കുന്ന വശം ജനങ്ങളുടെ മനസ്സിലും മസ്തിഷ്കത്തിലും കൊടുങ്കാറ്റ് സൃഷ്ടിക്കുകയും ഒരു തലമുറയുടെ മുഴുവൻ ജീവിതഗതി തിരിച്ചുവിടുകയും ചെയ്ത ചിന്തയും രചനയുമാണ്. ഹസനുൽ ബന്നായുടെ പ്രസംഗങ്ങളും ഗ്രന്ഥങ്ങളും വൈജ്ഞാനികമായും പ്രായോഗികമായും ഉയർന്ന നിലവാരത്തിലുള്ളവയാണെങ്കിലും ആത്മാവുമായുള്ള ബന്ധമാണ് അദ്ദേഹത്തെ വേറിട്ടു നിർത്തുന്നത്. പ്രമാണങ്ങളുടെ കരുത്തോടെ ബുദ്ധിയോട് സംവദിക്കുന്നവ തന്നെയാണ് അദ്ദേഹത്തിന്റെ രചനകളും പ്രഭാഷണങ്ങളും. പക്ഷേ, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെയും പ്രബോധനത്തിന്റെയും പ്രസ്ഥാനത്തിന്റെയും അടിസ്ഥാന ലക്ഷ്യം മനുഷ്യമനസ്സാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ വായിക്കുമ്പോൾ നാവിനോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവ് കൂടി നമ്മോട് സംസാരിക്കുന്നതായി അനുഭവപ്പെടും. ഈ സവിശേഷ ശൈലിയെ ഒരുതരം ആത്മീയ മനസ്സ്‌വായനയായി വിശേഷിപ്പിക്കാം.

ഇഖ്‌വാനെക്കുറിച്ച് ധാരാളം ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്. അതിലുപരി ഇഖ്‌വാൻ നേതാക്കളുമായുള്ള സംഭാഷണത്തിലൂടെയും അവരോടൊത്ത് ജീവിച്ചതിലൂടെയും ഇഖ്‌വാനെയും ഹസനുൽ ബന്നായെയും ഏറെ മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെയാണ് ഇഖ്‌വാനുമായും ശഹീദ് ബന്നായുമായും ഹൃദയബന്ധം ഉണ്ടാക്കിയെടുക്കാൻ സാധിച്ചത്.

### മാസ്മരിക വ്യക്തിത്വം

ശഹീദ് ഹസനുൽ ബന്നായുടെ വ്യക്തിത്വമാണ് മറ്റെന്തിനേക്കാളും എന്റെ മനസ്സിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയത്. കാണുമ്പോൾ തന്നെ മനസ്സിൽ ദൈവസ്മരണ ഉണരുകയും ഈമാന്റെ മാധുര്യവും ആവേശവും അനുഭവപ്പെടുകയും ചെയ്യുമാറ് അസാധാരണമായ ഒരു വിശുദ്ധാത്മാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഓർമക്കുറിപ്പുകൾ വായിച്ചാലറിയാം ആ വ്യക്തിത്വത്തിന്റെ മാഹാത്മ്യം. കേവലം ആറു വയസ്സുള്ള ബാലനായിരിക്കെ പോലും ആ മനസ്സ് ഇസ്‌ലാമിക വികാരങ്ങളുടെ പ്രഭവകേന്ദ്രമായിരുന്നുവെന്ന് അവ വായിക്കുമ്പോൾ നമുക്ക് മനസ്സിലാവും. പിന്നീട് കയ്റോയിലെയും അലക്സാൻഡ്രിയയിലെയും കാപ്പിക്കടകളിലും റസ്റ്റോറന്റുകളിലും വിനോദ കേന്ദ്രങ്ങളിലും പലതരക്കാരായ ആളുകളുടെ അടുത്തും പതിനേഴ്/പതിനെട്ട് വയസ്സുള്ള ആ യുവാവിനെ നാം കാണുന്നു. അല്ലാഹുവുമായുള്ള സ്നേഹത്തിന്റെയും അടുപ്പത്തിന്റെയും ആനന്ദലഹരിയിൽ മുഴുകിയ, അസ്വസ്ഥചിത്തനായ എല്ലാവർക്കും പ്രിയ

ങ്കരനായ ചെറുപ്പക്കാരൻ. എന്നാൽ നന്മയുടെയും വിശുദ്ധിയുടെയും ശാശ്വത വിജയത്തിന്റെയും ആനന്ദം തന്നിൽ പരിമിതപ്പെടുത്താതെ അല്ലാഹുവിന്റെ അടിയാറുകളെ അവന്റെ കോപത്തിൽനിന്ന് രക്ഷപ്പെടുത്താനും അവരെ അവന്റെ ദാസ്യത്തിലേക്ക് കൊണ്ടുവരാനുമുള്ള കഠിന ശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. ഇരുപത്തിയൊന്ന് വയസ്സിനുള്ളിൽ ഈജിപ്തിന്റെ മാത്രമല്ല അറബ് ലോകത്തിന്റെ മുഴുവൻ ചിന്താഗതി മാറ്റിമറിക്കുകയും ലോകത്ത് ചലനം സൃഷ്ടിക്കുകയും ചെയ്തത് ഇതേ വ്യക്തിത്വമായിരുന്നു.

1928-ൽ ഇസ്മാഈലിയ്യയിൽ പ്രബോധനം ആരംഭിച്ച ഹസനുൽ ബന്നാ 1949-ൽ രക്തസാക്ഷ്യം വരിച്ചു. അപ്പോഴേക്കും ഈജിപ്തിലുടനീളം അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന് ലക്ഷക്കണക്കിന് പ്രവർത്തകരും രണ്ടായിരത്തിലധികം ഘടകങ്ങളുമുണ്ടായിരുന്നു. കയ്റോയിൽ മാത്രം 200 ഘടകങ്ങളുണ്ടായിരുന്നു. മാസത്തിൽ ഇരുപതോ ഇരുപത്തിരണ്ടോ ദിവസം ഇമാം ബന്നാ യാത്രയിലായിരിക്കും. ഗ്രാമങ്ങളിലൂടെയും പട്ടണങ്ങളിലൂടെയും സഞ്ചരിച്ച് അദ്ദേഹം ജനങ്ങളുമായി കൂടിക്കാഴ്ച നടത്തുകയും അവരോട് സംവദിക്കുകയും ചെയ്തു. രാവും പകലും വ്യത്യാസമില്ലാതെ, ഉറക്കത്തെയും വിശ്രമത്തെയും കുറിച്ച് ഓർക്കാതെ ജനങ്ങളുടെ ഹൃദയത്തിന്റെയും ആത്മാവിന്റെയും വാതിലിൽ അദ്ദേഹം നിരന്തരം മുട്ടിക്കൊണ്ടിരുന്നു. യാത്രചെയ്യാത്ത ദിവസങ്ങളിൽ എവിടെയാണോ ഉള്ളത് അവിടെ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. പള്ളികളിലും ജനവാസകേന്ദ്രങ്ങളിലും മാത്രമല്ല, മുത്തഖികൾക്കു പോകാൻ പറ്റിയ സ്ഥലമല്ലെന്ന് ജനങ്ങൾ പൊതുവെ കരുതുന്ന ക്ലബ്, പാട്ടും സംഗീതവും നടക്കുന്ന പബ്ലിക് റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലെല്ലാം അദ്ദേഹം കയറിച്ചെന്നു. തന്റെ കഴിവിൻപടി സത്യസാക്ഷ്യം നിർവഹിക്കാതെ ഒരു സ്ഥലവും അദ്ദേഹം വിട്ടില്ല. വിയോജിച്ചവർ പോലും ആ ആത്മീയതയും ദൈവികബന്ധവും ആത്മാർഥതയും ലക്ഷ്യബോധവും മനസ്സിലാക്കി അദ്ദേഹത്തെ ആദരിച്ചു. ഇന്നും അത് തുടരുന്നു. അദ്ദേഹത്തിന്റെ ഈ വ്യക്തിപ്രഭാവത്തെ ഭരണാധികാരികളും സാമ്രാജ്യത്വ ശക്തികളും ഭയപ്പെടുകയും തങ്ങളുടെ ലക്ഷ്യങ്ങൾക്കു മുമ്പിലുള്ള വലിയ തടസ്സമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരുന്നു.

## അടിസ്ഥാന ദൗത്യം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇസ്‌ലാമിക സമൂഹം എത്തിപ്പെട്ട നിസ്സഹായതയുടെയും അടിമത്തത്തിന്റെയും അവസ്ഥയെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് നൽകി എന്നത് ഹസനുൽ ബന്നായുടെയും ഇഖ്‌വാനുൽ മുസ്‌ലിമൂന്റെയും വലിയ സംഭാവനയാണ്. സമുദായത്തെ അതിന്റെ യഥാർഥ ദൗത്യം ഓർമിപ്പിക്കുകയും ആത്മവിശ്വാസമില്ലായ്മയിൽനിന്ന് കരകയറ്റുകയും ചെയ്തു അദ്ദേഹം. ആ ദൗത്യം നിർവഹിക്കുന്നതിനുള്ള പദ്ധതിയും പ്രസ്ഥാനവും സജ്ജമാക്കുന്നതിൽ ശഹീദ് ബന്നാ നിർണായക പങ്കുവഹിച്ചു. മൗലാനാ മൗദൂദി ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ചെയ്ത ജോലി ഹസനുൽ ബന്നായും സുഹൃത്തുക്കളും അറബ് ലോകത്ത് നിർവഹിച്ചു. ഇന്ന് ആഗോളതലത്തിൽ കാണപ്പെടുന്ന ഇസ്‌ലാമിക നവജാഗരണ തരംഗത്തിന്റെ ബഹുമതി അവർ രണ്ടുപേർക്കും അവകാശപ്പെട്ടതാണ്. ഇക്കാര്യത്തിൽ അല്ലാമാ മുഹമ്മദ് ഇഖ്ബാലിനും സുപ്രധാന പങ്കുണ്ടെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ മേഖല ചിന്താരംഗമായിരുന്നുവെന്നു മാത്രം. പ്രബോധനം, സംഘാടനം, പരിശീലനം, കർമമാർഗം എന്നിവ ഹസനുൽ ബന്നായുമായും മൗലാനാ മൗദൂദിയുമായും ബന്ധപ്പെട്ടതാണ്.

ദൈവിക ബന്ധവും വിശുദ്ധിയും ലാളിത്യവും ഹസനുൽ ബന്നായുടെ വ്യക്തിത്വത്തിന്റെ സുപ്രധാന വശമാണ്. ബാല്യം മുതൽ രക്തസാക്ഷ്യം വരെ ഉണ്ടായിരുന്ന പ്രബോധന താൽപര്യവും ഉത്സാഹവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗം തന്നെയായിരുന്നു. ഇസ്‌ലാമിനെ കുറിച്ച അദ്ദേഹത്തിന്റെ വീക്ഷണം തെളിമയാർന്നതും സമഗ്രവുമായിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇസ്‌ലാം വ്യക്തിയോടും സമൂഹത്തോടും രാഷ്ട്രത്തോടും ചരിത്രത്തോടുമുള്ള ഒരു വിപ്ലവാഹ്വാനമാണ്. മറ്റൊരു വിധം പറഞ്ഞാൽ ദൈവിക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ സമ്പൂർണമായി ക്രമീകരിക്കുകയും മനുഷ്യന് നൽകപ്പെട്ട ദൈവിക പ്രാതിനിധ്യ പദവി ആവശ്യപ്പെടുന്നതെന്തോ അത് വ്യക്തിപരവും സാമൂഹികവുമായ രംഗങ്ങളിൽ പൂർത്തീകരിക്കലുമായിരിക്കണം ജീവിത ദൗത്യം.

ഈ വീക്ഷണത്തിന് പ്രകടമായ മൂന്ന് മേന്മകളുണ്ട്: ഒന്ന്, റബ്ബുമായുള്ള ദൈവദാസന്റെ ഉറച്ച ബന്ധം. അതോടൊപ്പം ദൈവദാസന്മാർ തമ്മിലുള്ള അനുഭാവവും ആദരവും നിസ്വാർഥ ബന്ധവും. ഈ വശത്തിന് ശഹീദ് ഹസനുൽ ബന്നാ ഏറ്റവും പ്രാധാന്യം നൽകി. രണ്ട്, സാമൂഹികത. ഇതിന് അദ്ദേഹം നാലു സാങ്കേതിക പദങ്ങൾ പ്രയോഗിച്ചു: 1. മുസ്‌ലിം കുടുംബം. 2. മുസ്‌ലിം സമൂഹം. 3. ഇസ്‌ലാമിക രാഷ്ട്രം. 4. ആഗോള മുസ്‌ലിം സമൂഹം. അറബ് ദേശീയതയും ഇസ്‌ലാമിക ദേശീയതയും കൂട്ടിക്കലർത്തി അദ്ദേഹം അബദ്ധത്തിലകപ്പെട്ടില്ല. അറബീയതയെയും അറബ് ദേശീയതയെയും ഇസ്‌ലാമിക ദേശീയതയുടെ ഭാഗവും അതിന്റെ മഴവില്ലിലെ ഒരു വർണവുമായാണ് അദ്ദേഹം പരിഗണിച്ചത്. അറബ് ദേശീയതയെ ത്വാഗൂത്തായല്ല; ഇസ്‌ലാമിക സമൂഹത്തിന്റെ ശോഭനവും സുപ്രധാനവുമായ ഭാഗമായാണ് അദ്ദേഹം കണക്കാക്കിയത്. ഹസനുൽ ബന്നായുടെ വീക്ഷണത്തിന്റെ മൂന്നാമത്തെ സവിശേഷത വ്യക്തികളിൽ ഉണ്ടാകുന്ന വിപ്ലവവും വ്യക്തികളിലൂടെ സമൂഹത്തിൽ ഉണ്ടാകുന്ന വിപ്ലവവും തമ്മിലുള്ള അവിഭാജ്യ ബന്ധമാണ്.

സഊദ് റമദാൻ ഒരനുഭവം പറഞ്ഞതോർക്കുന്നു: ഒരു ഇഖ്‌വാൻ പ്രവർത്തകന്റെയടുത്തുനിന്ന് തെറ്റായ എന്തോ പ്രവർത്തനമുണ്ടായി. അതിന്റെ പേരിൽ മാപ്പു പറയാൻ അദ്ദേഹം ഹസനുൽ ബന്നായുടെ അടുത്ത് ചെന്ന് ഒരു മണിക്കൂറിലധികം കഴിച്ചുകൂട്ടി. പക്ഷേ, സ്നേഹപൂർവമായ പെരുമാറ്റത്തിലൂടെയും സംസാരത്തിലൂടെയും തന്റെ മനസ്സ് കൈയിലെടുത്ത ഹസനുൽ ബന്നായോട് മാപ്പു ചോദിക്കാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടായില്ല. ആ ഇഖ്‌വാൻ പ്രവർത്തകന്റെ ആഗമനോദ്ദേശ്യം ഹസനുൽ ബന്നാ മനസ്സിലാക്കുകയും ചെയ്തിരുന്നു. മറ്റൊരിക്കൽ, ശരീഅത്തിനു വിരുദ്ധമായ സ്വർണമോതിരം പോലുള്ളവ ധരിച്ച് ചില ചെറുപ്പക്കാർ ഹസനുൽ ബന്നായുടെ അടുത്തു വന്നു. അദ്ദേഹം അവരെ വിലക്കിയില്ല. പക്ഷേ, അദ്ദേഹവുമായുള്ള ഏതാനും ദിവസത്തെ സഹവാസ ഫലമായി പറയാതെ തന്നെ അവർ അവ ഉപേക്ഷിച്ചു.

## ഇഖ്‌വാന്റെ സ്വാധീനം

എനിക്ക് പല തവണ ഈജിപ്ത് സന്ദർശിക്കാൻ അവസരം ലഭിക്കുകയുണ്ടായി. കടുത്ത ഏകാധിപത്യത്തിന്റെ നാളുകളും അക്കൂട്ടത്തിൽ പെടുന്നു. അക്കാലത്തുപോലും ഹോട്ടലുകളിലെ വെയിറ്റർമാരടക്കമുള്ള ഒട്ടേറെ പേർ ഇഖ്‌വാനെയും ഹസനുൽ ബന്നായെയും രഹസ്യമായി സ്നേഹിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചു.

1954-ൽ ഈജിപ്തിൽ നാസിറിന്റെ പട്ടാള ഏകാധിപത്യം ഭ്രാന്തിന്റെ തലത്തോളം എത്തിയിരുന്നു. ആ വർഷം ഡിസംബറിലാണ് മുഹമ്മദ് ഫർഗലി, അബ്ദുൽ ഖാദിർ ഔദ, യൂസുഫ് ത്വൽഅത്ത്, ഇബ്റാഹീം ത്വയ്യിബ്, മഹ്മൂദ് അബ്ദുല്ലത്വീഫ് എന്നിവരടക്കമുള്ള ഇഖ്‌വാന്റെ എട്ടു നേതാക്കളെ തൂക്കിക്കൊന്നതായ വാർത്ത ലഭിക്കുന്നത്. അങ്ങേയറ്റം വേദനാജനകമായിരുന്നു അത്. അന്ന് ഞാൻ വിദ്യാർഥി പ്രസ്ഥാനമായ ഇസ്‌ലാമീ ജംഇയ്യത്തു ത്വലബയിലാണ്. അക്കാലത്ത് കറാച്ചിയിൽ ഇന്റർ നാഷ്നൽ അസംബ്ലി ഓഫ് മുസ്‌ലിം യൂനിയന്റെ ഒരു സമ്മേള

നം നടന്നു. ഒരു കേണലിന്റെ നേതൃത്വത്തിൽ ഈജിപ്ഷ്യൻ ഗവൺമെന്റിന്റെ പ്രതിനിധിസംഘവും കോൺഫറൻസിൽ പങ്കെടുക്കാനെത്തിയിരുന്നു. ഇഖ്‌വാൻ നേതാക്കളെ വധിച്ചതിനെതിരെ ജംഇയ്യത്തിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ ആ കോൺഫറൻസിൽ ശക്തമായ പ്രതിഷേധമുയർത്തി. ഞാനും രാജാഭായി (സഫർ ഇസ്ഹാഖ് അൻസാരി)യും Why oppression on Muslim Brotherhood? (ഇഖ്‌വാനു നേരെയുള്ള പീഡനം എന്തുകൊണ്ട്?) എന്ന പേരിൽ ഇംഗ്ലീഷിൽ രണ്ടു പേജുള്ള ഒരു ലഘു ലേഖ തയാറാക്കി. അത് അച്ചടിച്ച് ഞങ്ങൾ രഹസ്യമായി കോൺഫറൻസ് ഹാളിലെത്തിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ അന്നത്തെ പാകിസ്താൻ പ്രധാനമന്ത്രി മുഹമ്മദലി ബോഗ്രക്ക് ആ ലഘുലേഖയുടെ ഒരു കോപ്പി നൽകി. ഉടൻ തന്നെ ഹാളിന്റെ വിവിധ ഭാഗങ്ങളിൽ നിന്നിരുന്ന ജംഇയ്യത്ത് പ്രവർത്തകർ ആസൂത്രിതമായ നീക്കത്തിലൂടെ സമ്മേളനത്തിനെത്തിയ മുഴുവൻ പ്രതിനിധികൾക്കും ആ ലഘുലേഖ എത്തിച്ചു. കോൺഫറൻസിൽ അത് വലിയ കോളിളക്കം സൃഷ്ടിച്ചു. ഈജിപ്ഷ്യൻ പ്രതിനിധികൾ വെപ്രാളപ്പെട്ടു. ജംഇയ്യത്തിന്റെ അധ്യക്ഷൻ എന്ന നിലയിൽ ഞാനും അതിൽ പങ്കെടുത്തിരുന്നു. ഈജിപ്ഷ്യൻ പ്രതിനിധി സംഘത്തിന്റെ നേതാവ് പ്രസംഗിക്കുന്നതിനിടയിൽ ഖുർറം ഭായി (ഖുർറം മുറാദ്) ഹാളിൽ എഴുന്നേറ്റു നിന്ന് അദ്ദേഹത്തോട് 'നിങ്ങളുടെ കൈകളിൽ ഇഖ്‌വാൻ നേതാക്കളുടെ രക്തം പുരണ്ടിരിക്കുന്നു. നിങ്ങൾ കൊലയാളികളുടെ കൂട്ടാളികളാണ്' എന്ന് വിളിച്ചു പറഞ്ഞു. അശാന്തമായ ആ സാഹചര്യത്തിലും ഈജിപ്ഷ്യൻ പ്രതിനിധി സംഘത്തിലുണ്ടായിരുന്ന വിദ്യാർഥിയായ ഒരു യുവാവ് വളരെ രഹസ്യമായി ഞങ്ങളെ വന്നുകണ്ട് പറഞ്ഞു: 'മനസ്സുകൊണ്ട് ഞാൻ ഇഖ്‌വാൻ അനുഭാവിയാണ്. ജീവൻ പോലും അപകടത്തിൽപെടുത്തി നിങ്ങൾ ചെയ്ത ഈ സംഗതി തികച്ചും ന്യായമാണ്. മർദിതരായ എന്റെ ആയിരക്കണക്കിനു സുഹൃത്തുക്കളുടെ പേരിൽ ഞാൻ നിങ്ങളോട് നന്ദിപറയുന്നു.'

ഇഖ്‌വാനു പുറത്തുള്ളവരിൽ പോലും ഇഖ്‌വാന്റെ ചിന്താപരവും ധാർമികവുമായ സ്വാധീനം കാണാൻ സാധിച്ചിട്ടുണ്ട്. ഉന്നത വേദികളിലും പാർലമെന്റിലും വെച്ച് മന്ത്രിമാരുമായും അറബ് ലീഗ് ഓഫീസർമാരുമായും സംസാരിക്കാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ അനൗപചാരികമായി ഉള്ളുതുറന്നു സംസാരിച്ചവരെല്ലാം 'ധാർമികമായും സൈദ്ധാന്തികമായും ഈജിപ്തിനെ രക്ഷിക്കാൻ കഴിയുന്ന പറയത്തക്ക വല്ല ശക്തിയുമുണ്ടെങ്കിൽ അത് അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ മാത്രമാണ്' എന്ന് സമ്മതിക്കുകയുണ്ടായി.

## ദുശ്ശക്തികളുടെ കുതന്ത്രങ്ങൾ

സാമ്രാജ്യത്വ ശക്തികളും നാട്ടിലെ ഭരണവർഗവും അധികാരത്തിന്റെ രുചി ആസ്വദിക്കാൻ കഴിഞ്ഞ സൈനിക മേധാവികളും സൃഷ്ടിച്ച പ്രതികൂലാവസ്ഥകളിലാണ് ശഹീദ് ഹസനുൽ ബന്നാ പ്രവർത്തിച്ചത്. ഭരണവർഗത്തിലെ മിക്കവരും സാമ്രാജ്യത്വ ശക്തികളുടെ കൈയിലെ പാവകളായിരിക്കും. സൈനികരായ അധികാരികളുടെ കാര്യവും വ്യത്യസ്തമല്ല. പട്ടാള വിപ്ലവങ്ങളുടെ പരമ്പരക്ക് തുടക്കമിട്ടത് മധ്യ പൗരസ്ത്യ ദേശത്തായിരുന്നു. 1958-ൽ അത് പാകിസ്താനിലുമെത്തി. ആഫ്രിക്കയിൽ സ്വാതന്ത്ര്യം നേടിയ നിരവധി രാജ്യങ്ങളിലും പട്ടാളഭരണം പിടിമുറുക്കി. പടിഞ്ഞാറൻ സാമ്രാജ്യത്വത്തിന്റെയും കമ്യൂണിസ്റ്റ് സാമ്രാജ്യത്വത്തിന്റെയും ഉപകരണങ്ങളായിരുന്നു പട്ടാളഭരണകൂടങ്ങൾ. സ്വാതന്ത്ര്യം നേടുന്ന രാജ്യങ്ങൾ തങ്ങൾക്ക് ഭീഷണിയാകാതിരിക്കാനും സൈദ്ധാന്തികവും രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തിയുടെ പുതിയ കേന്ദ്രങ്ങളായി അവ മാറാതിരിക്കാനും തങ്ങളുടെ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ നയങ്ങളെ അവ കണ്ണടച്ച് പിന്തുടരാനും സാമ്രാജ്യത്വ ശക്തികൾ കണ്ടെത്തിയ തന്ത്രമായിരുന്നു പട്ടാള അട്ടിമറികൾ. അറബ് ലോകത്ത് നയതന്ത്ര ചുമതലകൾ വഹിച്ചിരുന്ന സി.ഐ.എ ഏജന്റ് കൂടിയായിരുന്ന Miles Copeland-ന്റെ The Game of Nations: The Amorality of Power Politics (1970), The Game Players Confessions (1989) എന്നീ കൃതികൾ ഈ വസ്തുതക്ക് അടിവരയിടുന്നുണ്ട്.

ലോക സാമ്രാജ്യത്വത്തിന്റെയും തന്റെ നാട്ടിലെ അതിന്റെ ഉപകരണത്തിന്റെയും മുമ്പിലാണ് ഹസനുൽ ബന്നാ ധൈര്യപൂർവം എഴുന്നേറ്റുനിന്നത്. മതത്തിന്റെ ആളുകളായ വഴിതെറ്റിക്കുന്ന ക്ഷമാപണ സ്വരക്കാരെയും സമൂഹത്തിലെ സാമ്പത്തിക രാഷ്ട്രീയ, സമൂഹിക അനീതികളുടെ മുഴുവൻ അടിസ്ഥാനങ്ങളെയും അതിശക്തമായി അദ്ദേഹം വെല്ലുവിളിച്ചു. അതുകൊണ്ടാണ് ഇഖ്‌വാൻ തെരഞ്ഞെടുത്ത മാർഗത്തിൽ സംഘാടനത്തോടും പത്രപ്രവർത്തനത്തോടുമൊപ്പം രാഷ്ട്രീയ പ്രവർത്തനം കൂടി ഉൾപ്പെട്ടത്. ഹസനുൽ ബന്നാ തന്നെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയുണ്ടായി. ബ്രിട്ടീഷ്, ഈജിപ്ഷ്യൻ ഗവൺമെന്റുകൾ അദ്ദേഹത്തിന്റെ വഴിയിൽ തടസ്സം സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ വൻ ഭൂരിപക്ഷത്തോടെ അദ്ദേഹം ജയിക്കുമായിരുന്നു.

ഈ പ്രയാസങ്ങൾക്കും പ്രതിബന്ധങ്ങൾക്കുമിടയിൽ അദ്ദേഹം തെരഞ്ഞെടുത്തത് വ്യക്തിബന്ധങ്ങളുടെ മാർഗമായിരുന്നു. ഏകാധിപത്യത്തിന്റെ ഘനാന്ധകാരത്തിൽ തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരമില്ലാതിരുന്നിട്ടും ഗ്രാമങ്ങളിലും പട്ടണങ്ങളിലും കടന്നുചെന്ന് വീടുവീടാന്തരം ഈ സന്ദേശം എത്തിക്കാൻ കഴിഞ്ഞുവെന്നത് വല്ലാത്ത അത്ഭുതം തന്നെയാണ്. സർവ നിയന്ത്രണങ്ങളുമുണ്ടായിട്ടും അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഇന്നും ഈജിപ്തിലെ പ്രബല രാഷ്ട്രീയ ശക്തിയാണ്. ഇഖ്‌വാന്റെ പ്രവർത്തനം നിയമവിരുദ്ധമാക്കിയിരിക്കുന്നതിനാൽ സ്വതന്ത്ര സ്ഥാനാർഥികളായാണ് അവർ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. ഇഖ്‌വാന്റെ ഈ അത്ഭുതകരമായ ശക്തി എപ്പോഴും ദൃശ്യമായിരുന്നു. ഹസനുൽ ബന്നായുടെ വ്യക്തിത്വവും പ്രവർത്തനമാർഗവുമായാണ് ഇതിനു ബന്ധം.

## ഇഖ്‌വാന്റെ ശക്തിയുടെ രഹസ്യം

സഈദ് റമദാനിലൂടെ ആ രഹസ്യം മനസ്സിലാക്കാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. അന്ന് ഞങ്ങൾ ചെറുപ്പമായിരുന്നു. പുതിയ പുതിയ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ ആവർത്തിച്ചു വായിക്കുന്ന കാലം. ഇസ്‌ലാമിന്റെ സർവതലസ്പർശിയായ വിപ്ലവത്തെ കുറിച്ച വികാരം മനസ്സിലും മസ്തിഷ്കത്തിലും നിറഞ്ഞുനിന്നിരുന്നു. പാശ്ചാത്യ ദൈവേതര ശക്തികളെ കുറിച്ചും ഇസ്‌ലാമിക വിപ്ലവത്തെയും സമ്പൂർണമായ വ്യവസ്ഥാമാറ്റത്തെയും കുറിച്ചും മൗലാനാ മൗദൂദി പറഞ്ഞ കാര്യങ്ങൾ തന്നെ ഹസനുൽ ബന്നായും തന്റെ പ്രസംഗത്തിലൂടെ പറഞ്ഞിരിക്കുന്നു എന്ന അറിവ് ഞങ്ങളെ ആവേശം കൊള്ളിച്ചു. ലക്ഷ്യത്തിലും അത് നേടാനുള്ള മാർഗങ്ങളിലും ജമാഅത്തും ഇഖ്‌വാനും ഒരേ പാതയിൽ തന്നെയായിരുന്നു.

എങ്കിലും ഒരു സംഗതിയിൽ ചെറിയൊരു വ്യത്യാസം അനുഭവപ്പെട്ടിരുന്നു. ദൈനംദിന ജീവിതത്തിലെ പരസ്പര ബന്ധങ്ങളിൽപോലും അതിന്റെ ചെറിയൊരു പ്രകടനം കാണാൻ സാധിച്ചിരുന്നു. ഉദാഹരണമായി വലിയവരോ ചെറിയവരോ ആയ ഇഖ്‌വാനികളുമായി ഹസ്തദാനം ചെയ്യുമ്പോൾ ലഭിക്കുന്നത്ര ആത്മബന്ധവും വൈകാരികാനുഭൂതിയും നമുക്കിടയിലുള്ളവരിൽനിന്ന് അനുഭവപ്പെടാറില്ല. നമ്മുടെ പ്രദേശത്തിന്റെ സാഹചര്യത്തിനും സംസ്കാരത്തിനും ആചാരത്തിനും അതിൽ പങ്കുണ്ടായിരിക്കാം. ഇഖ്‌വാനികൾക്കിടയിൽ അല്ലാഹുവിന്റെ പേരിലുള്ള പരസ്പര സ്നേഹത്തിന് വലിയ സ്ഥാനമാണ്. അല്ലാഹുവിന്റെ പേരിലുള്ള പരസ്പര ബന്ധം എത്രത്തോളം അഗാധവും ഉറച്ചതുമാക്കാൻ സാധിക്കുമെന്ന് ഇഖ്‌വാനികളിൽനിന്ന് പഠിച്ചു. ഇഖ്‌വാന്റെ രചനകളിലും ഈ ചൈതന്യം നിറഞ്ഞുനിൽക്കുന്നു. ഞാൻ കണ്ട എല്ലാ ഇഖ്‌വാൻ പ്രവർത്തകരിലും ഈ സ്

നേഹവികാരം വേണ്ടത്രയുണ്ട്. ഹസനുൽ ബന്നായുടെ ജീവചരിത്രം വായിക്കുമ്പോഴും ഇത് അനുഭവപ്പെടും.

ഇഖ്‌വാന്റെ തർബിയത്തീ ഘടനയിൽനിന്ന് ധാരാളം കാര്യങ്ങൾ ഞങ്ങൾ പഠിക്കുകയും ജമാഅത്തിന്റെ തർബിയത്തിൽ അവ പ്രയോജനപ്പെടുത്തുകയും ചെയ്തു. ജംഇയ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ ആത്മീയ വളർച്ചയിൽ നിശാനമസ്കാരത്തിനുള്ള പ്രാധാന്യം ഇഖ്‌വാനിൽനിന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. അങ്ങനെ തർബിയത്ത് പരിപാടികളിൽ അതുകൂടി ഉൾപ്പെടുത്തുകയുണ്ടായി.

## നിളാമുൽ ഉസ്റ

പ്രസ്ഥാന പ്രവർത്തനത്തിന്റെ തുടക്കത്തിൽ തന്നെ ഭാവിയിൽ ഈ മാർഗത്തിൽ മുന്നോട്ടു പോകുന്നവർക്ക് കടുത്ത പ്രയാസങ്ങളും പീഡനങ്ങളും നേരിടേണ്ടിവരുമെന്ന് ദൈവികദത്തമായ ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഹസനുൽ ബന്നാ മുൻകൂട്ടി കണ്ടിരുന്നു. ഈ സാഹചര്യത്തെ മറികടക്കാൻ, ഭരണകൂട അടിച്ചമർത്തൽ മൂലം ഇഖ്‌വാന്റെ കേന്ദ്ര സംവിധാനം ഇല്ലാതായാൽ പോലും പ്രസ്ഥാനത്തിന്റെ അടിസ്ഥാന യൂനിറ്റുകൾക്ക് അവയുടെ പ്രവർത്തനം തുടരാൻ കഴിയുംവിധം വ്യക്തികളുടെ കൊച്ചു സംഘങ്ങൾക്ക് രൂപം നൽകുകയാണ് അദ്ദേഹം കണ്ട മാർഗം. പത്തിൽ താഴെ അംഗങ്ങളുള്ള ഈ ഘടകങ്ങൾക്ക് ഉസ്റ എന്നായിരുന്നു പേര്. ഒരു ഉസ്റയിൽ പത്തു പേർ തികയുമ്പോൾ അതിനെ രണ്ടായി വിഭജിക്കും. ഇത്തരത്തിലുള്ള ആയിരക്കണക്കിന് ഉസ്റകൾ അദ്ദേഹം സ്ഥാപിച്ചു. വായന മാത്രമല്ല, രാത്രിനമസ്കാരമടക്കമുള്ള ആരാധനാ കർമങ്ങളും സംഘടിതമായി നിർവഹിച്ചിരുന്നതായിരുന്നു ഉസ്റകളുടെ ആകർഷക ഘടകം. അംഗങ്ങൾ പരസ്പരം സുഖ ദുഃഖങ്ങൾ അടുത്തറിയുകയും പങ്കുവെക്കുകയും ചെയ്തിരുന്നതാണ് എന്റെ വീക്ഷണത്തിൽ ഉസ്റാ സംവിധാനത്തിന്റെ സുപ്രധാന വശം. പരസ്പരം സഹായിയും അത്താണിയുമാകുന്ന വ്യവസ്ഥയായിരുന്നു അത്. ഉസ്റയിലെ ഒരംഗത്തിന് വല്ല പ്രയാസവും വിപത്തും നേരിട്ടാൽ ബാക്കി അംഗങ്ങൾ മുഴുവൻ അദ്ദേഹത്തെ സഹായിക്കാനെത്തും. വിശുദ്ധവും അനുഭാവപൂർവവും നിസ്വാർഥവുമായ സാഹോദര്യമായിരുന്നു ഉസ്റയുടെ അടിസ്ഥാന തത്ത്വം.

ഇഖ്‌വാന്റെ നിലനിൽപിന്റെ മുഖ്യ ഘടകം നിളാമുൽ ഉസ്റയാണെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു. പീഡനങ്ങളിലും പരീക്ഷണങ്ങളിലും പതറാതെ ഉറച്ചുനിൽക്കാൻ കഴിഞ്ഞു എന്നതാണ് ഉസ്റയുടെ സദ്ഫലങ്ങളിൽ സുപ്രധാനമായത്. നാസിറിന്റെ കാലത്ത് മുപ്പതിനായിരത്തിനും നാൽപതിനായിരത്തിനുമിടയിൽ ഇഖ്‌വാൻ പ്രവർത്തകരെ ജയിലിലടച്ച് കടുത്ത മർദനങ്ങൾക്കിരയാക്കുകയുണ്ടായി. ആ കൊടും പരീക്ഷണത്തെ സ്ഥൈര്യത്തോടെയും തഖ്‌വയോടെയും അവർക്ക് നേരിടാൻ കഴിഞ്ഞത് ഉറച്ച ഈമാന്റെയും മനുഷ്യരെ പരസ്പരം വിളക്കിച്ചേർക്കുന്ന ഉസ്റാ സംവിധാനത്തിന്റെ മികവിന്റെയും നിദർശനമായിരുന്നു. ജയിലിലടക്കപ്പെട്ട ഇഖ്‌വാനികളുടെ കുടുംബങ്ങൾക്ക് സഹായമെത്തിക്കാനും അവർക്ക് ധൈര്യം പകരാനും ഉസ്റകൾ ഏറെ സഹായകമായി.

സഈദ് റമദാനിൽനിന്ന് നിളാമുൽ ഉസ്റയെ കുറിച്ച് മനസ്സിലാക്കിയശേഷം ഇസ്‌ലാമീ ജംഇയ്യത്തു ത്വലബയിലും അത് നടപ്പാക്കാൻ ഞങ്ങൾ ശ്രമിക്കുകയുണ്ടായി. അങ്ങനെ ഉസ്റയുടെ മാതൃകയിൽ പ്രാദേശികാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കി. പക്ഷേ, അന്നത്തെ ജംഇയ്യത്ത് അധ്യക്ഷൻ മറ്റു ചില വിഷയങ്ങളോടൊപ്പം ഇക്കാര്യത്തിലും എതിർപ്പും ഉത്കണ്ഠയും പ്രകടിപ്പിച്ചു. സംഘടനയുടെ പരമ്പരാഗത ഘടനയിൽ ഇതൊരു പുതിയ സംഗതിയാണെന്ന് അദ്ദേഹം അസ്വസ്ഥപ്പെട്ടു. ഒടുവിൽ അതിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നു. ഇഖ്‌വാന്റേതുപോലുള്ള ഉസ്റാ സംവിധാനം ജംഇയ്യത്തിന്റെ ഘടനയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. ജംഇയ്യത്തിൽ നിളാമുൽ ഉസ്റയെക്കുറിച്ച ചർച്ച യുണ്ടായ കാലത്ത് മൗലാനാ മൗദൂദി ജയിലിലായിരുന്നു. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ഉസ്റക്ക് അനുകൂലമായിരുന്നില്ല. ചെറുപ്പക്കാരുടെ പുതിയൊരു ആശയം മാത്രമാണതെന്നായിരുന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നത്. എങ്കിലും അദ്ദേഹം അതിനെ തുറന്നെതിർക്കുകയുണ്ടായില്ല. അക്കാലത്ത് ജംഇയ്യത്ത് വലിയൊരു പരീക്ഷണത്തിന്റെ നിർണായക ഘട്ടത്തിലൂടെയാണ് കടന്നുപോയത്. അന്ന് ചെറുപ്പക്കാർക്ക് വെളിച്ചം കാണിച്ച് ജംഇയ്യത്തിനെ പിളർപ്പിൽനിന്ന് രക്ഷിച്ച മുതിർന്ന നേതാക്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ. അവർ ഇടപെട്ടാണ് ഞങ്ങളുടെ ആ ആഭ്യന്തരപ്രശ്നം പരിഹരിച്ചത്. ഉസ്റാ സംവിധാനം ഇസ്‌ലാമിനോ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പാരമ്പര്യത്തിനോ എതിരല്ലെന്നും അവർ വ്യക്തമാക്കുകയുണ്ടായി.

## പലായനവും പ്രബോധനവും

പീഡനത്തിന്റെ നാളുകൾക്കു ശേഷം ഈജിപ്തിലെ ഇഖ്‌വാൻ പ്രവർത്തകരിൽ ചിലർ ഗൾഫ് രാജ്യങ്ങളിലേക്കും മറ്റു ചിലർ പാശ്ചാത്യ രാജ്യങ്ങളിലേക്കും പോയി. പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിക പ്രബോധനത്തിന് അവർ മികച്ച സംവിധാനങ്ങളൊരുക്കി. പാശ്ചാത്യ നാടുകളിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് ഗതിവേഗം വർധിപ്പിച്ച് മുൻപന്തിയിൽ നിൽക്കുന്ന കേന്ദ്രങ്ങൾക്കു പിന്നിൽ മുഖ്യമായും പ്രവാസികളായ ഇഖ്‌വാൻ പ്രവർത്തകരാണ്.

അല്ലാഹുവുമായുള്ള ബന്ധത്തോടൊപ്പം ഖുർആനുമായുള്ള അഭേദ്യബന്ധവും ഇഖ്‌വാന്റെ സവിശേഷതയാണ്. ഈ വിഷയത്തിൽ എന്റെ മനസ്സിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരു സംഭവം പറയാം. മിയാൻ തുഫൈൽ മുഹമ്മദ് സാഹിബിന്റെ കൂടെ ഈജിപ്ത് സന്ദർശിച്ച സമയത്ത് സൂയസ് കനാലിലൂടെ സഞ്ചരിക്കാനുള്ള അവസരം ലഭിച്ചു. ഞങ്ങൾ രാത്രി പന്ത്രണ്ടു മണിക്കു ശേഷം പുറപ്പെട്ട് സുബ്ഹിക്കു മുമ്പായി തിരിച്ചെത്തുകയായിരുന്നു. കപ്പലിൽവെച്ച് ഒരു ഉയർന്ന കമാന്റർ ഞങ്ങളെ കണ്ടുമുട്ടി. മിയാൻ സാഹിബ് ജമാഅത്തിനെയും ഞങ്ങളെയും അദ്ദേഹത്തിന് പരിചയപ്പെടുത്തിയപ്പോൾ വളരെയധികം അടുപ്പവും ആദരവും പ്രകടിപ്പിച്ച് സാവധാനം പോക്കറ്റിൽനിന്ന് ഒരു ഖുർആൻ പ്രതിയെടുത്ത് രഹസ്യമായി ഞങ്ങൾക്ക് സമ്മാനിച്ചു. തനിക്ക് ഇഖ്‌വാനുമായി ബന്ധമുണ്ടെന്ന് സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം. ഞങ്ങൾക്കു ചുറ്റും രഹസ്യാന്വേഷണ വിഭാഗത്തിൽ പെട്ടവർ ഉണ്ടായിരുന്നുവെങ്കിലും ഈ സംഭവം അവരുടെ ശ്രദ്ധയിൽ പെടുകയുണ്ടായില്ല.

## സാമൂഹിക-സാമ്പത്തിക വിഷയങ്ങൾ

സമൂഹ നിർമാണത്തെ കുറിച്ച കാഴ്ചപ്പാടിൽ മൗലാനാ മൗദൂദിക്കും ഇഖ്‌വാനുൽ മുസ്‌ലിമൂനുമിടയിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അതിന്റെ പ്രായോഗികതയുടെ വിശദാംശങ്ങളിൽ വീക്ഷണ വ്യത്യാസമുണ്ടായിരുന്നു. പ്രബോധനം, രാഷ്ട്രീയം, സേവനം, ബദൽ സാമ്പത്തികാടിത്തറയുടെ നിർമാണം എന്നിവയെ കുറിച്ച ചിന്തകൾ തുടക്കം മുതലേ ഇഖ്‌വാനിൽ ഒപ്പത്തിനൊപ്പമുണ്ട്. ദാരിദ്ര്യനിർമാർജന-തൊഴിൽദാന പദ്ധതി 1933-ൽ തന്നെ ഇഖ്‌വാൻ ആരംഭിക്കുകയുണ്ടായി. സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സാമ്രാജ്യത്വ കെണികളിൽനിന്ന് രക്ഷപ്പെടുന്നതിലും ഇത് ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്.

ഈമാനിലൂടെയും അഖീദയിലൂടെയും ദീനീ കാഴ്ചപ്പാടിലൂടെയുമാണ് ജമാഅത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ക്രമേണയാണ് സാമൂഹിക പ്രശ്നങ്ങളിലേക്കു വരുന്നത്. നിയമപരവും ഭരണഘടനാപരവുമായ വിഷയങ്ങളിലാണ് ജമാഅത്ത് ശ്രദ്ധചെലുത്തിയിട്ടുള്ളത്. ലോകത്തുടനീളമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അനുകരണീയമായ ഒരു ചുവടു

വെപ്പായി അതിനെ അംഗീകരിക്കുന്നുമുണ്ട്. എന്നാൽ അതോടൊപ്പം സാമ്പത്തികവും സാമൂഹികവുമായ വിഷയങ്ങളിൽ സന്തുലിതവും ആനുപാതികവുമായ രീതിയിൽ പ്രസ്ഥാനം ശ്രദ്ധ ചെലുത്തുന്നില്ല. ഭാവിയിലെങ്കിലും പരിഹരിക്കപ്പെടേണ്ട പോരായ്മയാണിത്. ഈ വിഷയകമായി ഞാൻ നടത്തിയ ചില ശ്രമങ്ങൾക്ക് മൗലാനാ മൗദൂദിയുടെയും മൗലാനാ ഇസ്‌ലാഹിയുടെയും ചൗധരി ഗുലാം മുഹമ്മദിന്റെയും പ്രത്യേക സഹായവും മാർഗനിർദേശവും ലഭിച്ചത് സ്മരണീയമാണ്. ആദർശത്തിലും ധാർമികതയിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ദീനീചൈതന്യം കൈവിടാതെയും സാമൂഹിക വിപ്ലവകരമായ പദ്ധതികൾക്ക് പ്രസ്ഥാനത്തിൽ മുഖ്യസ്ഥാനമുണ്ടായിരിക്കണമെന്നതാണ് എന്റെ ഉറച്ച നിലപാട്. ഇഖ്‌വാന്റെ സാമൂഹിക-സാമ്പത്തിക വിഷയങ്ങളിലുള്ള സന്തുലനം ഏറെ ആകർഷകമാണ്. അതിനിടയിൽ ചില അതിരുകടന്ന വീക്ഷണങ്ങളും കാണപ്പെടുകയുണ്ടായി. ഡോ. മുസ്ത്വഫസ്സിബാഈ ഇസ്‌ലാമിലെ സോഷ്യലിസത്തെ കുറിച്ചുവരെ പറഞ്ഞിരുന്നു. ഏതായാലും ഇഖ്‌വാന്റെ മൊത്തം മനസ്സ് അതംഗീകരിച്ചിട്ടില്ല.

മറുഭാഗത്ത്, സാമൂഹിക ഇടപാടുകളിലും പ്രാസ്ഥാനികഘടനയിലുമുള്ള സ്ത്രീ പങ്കാളിത്തത്തിലും സ്ത്രീകളുടെ വോട്ടവകാശത്തിലും ജമാഅത്തെ ഇസ്‌ലാമി ഇഖ്‌വാനേക്കാൾ വളരെ മുമ്പിലാണ്. 1950-കളിലാണ് ഇഖ്‌വാൻ സ്ത്രീകളുടെ വോട്ടവകാശം അംഗീകരിച്ചത്. ജമാഅത്തെ ഇസ്‌ലാമി തുടക്കം മുതലേ അത് അംഗീകരിച്ചതാണ്. എന്നല്ല, കാര്യങ്ങളെ കുറിച്ച് സ്വതന്ത്രമായി ചിന്തിക്കാൻ സ്ത്രീകൾക്ക് പ്രത്യേക കൂടിയാലോചനാ സംവിധാനമുണ്ടാക്കുന്നതിനെ കുറിച്ചുവരെ മൗലാനാ മൗദൂദി എഴുതിയിട്ടുണ്ട്. ഇഖ്‌വാനിനും ജമാഅത്തിനുമിടയിൽ കാണപ്പെടുന്ന ഇത്തരത്തിലുള്ള ശാഖാപരമായ വീക്ഷണവ്യത്യാസങ്ങൾ പ്രായോഗികതയുടെ വിശദാംശങ്ങളിലുള്ളവയാണ്; അടിസ്ഥാന വീക്ഷണത്തിലും കാഴ്ചപ്പാടിലുമുള്ളവയല്ല. ■

***അടുത്ത ലക്കത്തിൽ അവസാനിക്കും***

---

*(ഹസനുൽ ബന്നായുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് തർജുമാനുൽ ഖുർആൻ മാസിക പുറത്തിറക്കിയ വിശേഷാൽ പതിപ്പിൽനിന്ന്)*